**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1510** **28-07-2021 - ൽ മറുപടിയ്ക്ക്**

**ബഹുമുഖ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ബഹു മുഖ വികസന പദ്ധതിയിലൂടെ സംസ്ഥാനത്ത് നടത്തി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; | (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന ഏക കേന്ദ്രാവിഷ്കൃത പദ്ധതിയായ, മൾട്ടി സെക്ടൽ ഡെവലപ്മെന്റ് പ്രോഗ്രാം, 2018-19 സാമ്പത്തിക വർഷം മുതൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം എന്ന പേരിൽ നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള, നൈപുണ്യ വികസന മേഖലകൾക്കാണ് ഈ പദ്ധതി പ്രാമുഖ്യം നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സ്കൂളുകളിൽ അധിക ക്ലാസ് മുറികളുടെ നിർമ്മാണം, സ്മാർട്ട് ക്ലാസ് റൂമുകൾ, ബഡ്സ് സ്കൂളുകളുടെ കെട്ടിട നിർമ്മാണം, ടോയലറ്റ് ബ്ലോക്കുകൾ, ആരോഗ്യ മേഖലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് അധിക വാർഡ്, അധിക കെട്ടിടങ്ങളുടെ നിർമ്മാണം, ഡയാലിസിസ് യൂണിറ്റ്, കുടിവെള്ള മേഖലയിൽ ജലദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ, നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് വിമൻസ് സ്കിൽ ഡെവലപ്പ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ, സദ്ഭാവന മണ്ഡപങ്ങൾ കൂടാതെ വുമൻസ് ഹോസ്റ്റലുകൾ, ഹുണാർ ഹബുകൾ, മാർക്കറ്റ് ഷെഡുകൾ എന്നിവ ടി പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞ 5 വർഷം സംസ്ഥാനത്ത് എത്ര തുക വിനിയോഗിച്ചു; അതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എത്ര; | (ബി) | പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞ 5 വർഷം സംസ്ഥാനത്ത് 3886.40 ലക്ഷം രൂപ വിനിയോഗിച്ചു. അതിൽ 3246.93 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാരിന്റെ വിഹിതം. |
| (സി) | സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ മുഖേന നിലവിൽ നൽകി വരുന്ന സഹായങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | സ്വയം തൊഴിൽ വായ്പ, ബിസിനസ്സ് വിപുലീകരണ വായ്പ, വിദ്യാഭ്യാസ വായ്പ, ഭവന വായ്പ, പ്രവാസി വായ്പ, വിസ വായ്പ, ഉദ്യോഗസ്ഥർക്കുള്ള വായ്പ, മദ്രസ്സാദ്ധ്യാപകർക്കുള്ള ഭവന വായ്പ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ |

| | | | |
|---|---|---|---|
| | | | എന്നിവയാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി നിലവിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ. |
| (ഡി) | ന്യൂനപക്ഷ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് നൽകി വരുന്ന പരിശീലനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (പി.എസ്.സി), യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ (യു.പി.എസ്.സി), ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾ (ഐ.ബി.പി.എസ്), റെയിൽവേ റിക്രൂട്ട്മെൻറ് ബോർഡ് (ആർ.ആർ.ബി) തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾ എന്നിവക്കായുള്ള പരിശീലനമാണ് ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ വഴി മുഖ്യമായും നൽകി വരുന്നത് |

സെക്ഷൻ ഓഫീസർ